Toll fees for mottor lorries.

MR. S. NARAYANA PILLAI : *This Assembly recommends to the Government that the practice of compounding toll fees for motor lorries under private ownership, employed for business purposes by the owners themselves be restored.*

REMISSION OF LAND REVENUE IN KARUNAGAPALLI AND KARTIKAPALLI TALUKS.

[This Assembly recommends to the Government that 25 per cent of the land revenue for the year 1113 be remitted in respect of the taluks of Karunagapalli and Kartikapalli.]

MR.K. KESAVAN: സർ, ഫ ഫ ഫ നാ-ാ മാണ്ടത്തെ ഭൂനികുതിയിനത്തിൽ കരുനാഗപ്പള്ളി കാർത്തികപ്പള്ളി. ഈ താലൂക്കുകളിലേക്കു ഒരു ശതമാനം കരം ഇളവുചെയ്യണമെന്നുള്ള എന്റെ നിശ്ചയത്തെ ഈ സഭമുമ്പാകെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കുകളിൽ കുറെക്കാലമായി കൃഷിപ്പിഴ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഈ രണ്ടു താലൂക്കുകളിലും വളരെ ജനങ്ങൾ തിങ്ങിക്കുടിപാർത്തു വരികയാണ്. കരുനാഗപ്പള്ളി താലൂക്കിൽ ഫൻസ ഫ-ലെ ജനസംഖ്യ കണക്കനുസരിച്ച് ഏകദേശം രണ്ടു ലക്ഷത്തോളം ആളുകളും, കാർത്തികപ്പള്ളിതാലൂക്കിൽ ഏതാണ്ടു ഒന്നര ലക്ഷത്തോളം ആളുകളും കുടിപാർത്തുവരുന്നു. തിരുവിതാംകൂറിൽ ശരാശരി ആളൊന്നിനു കൃഷിചെയ്യുന്ന സ്ഥലങ്ങൾ ൻസ സെൻറാണ്. എന്നാൽ കരുനാഗപ്പള്ളിയിൽ ഒരാളിന് ഒരു സെൻറു സ്ഥലമെ കൃഷിചെയ്യുവാനുള്ളൂ. കാർത്തികപ്പള്ളി താലൂക്കിൽ ന.ന്നു സെൻറു സ്ഥലമുണ്ട്. ഏതാണ്ടു മാനമായ ജീവിക്കണമെങ്കിൽ ആളൊന്നിനു ഒന്നര ഏക്കർ കൃഷിസ്ഥലം ഉണ്ടായിരിക്കണം. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ രണ്ടു താലൂക്കിലുമുള്ളവർ മിക്കവാറും കൃഷികൊണ്ടു ഉപജീവനം കഴിക്കുന്നവരാണ്. കൃഷിചെയ്യാനുള്ള ഭൂമി വളരെ കുറവായതുകൊണ്ടു അവർക്കു ജീവിക്കാൻ വളരെ വിഷമം നേരിടുന്നുണ്ട് അവിടെ കൃഷിക്കുപയുക്തമായ ഭൂമി വർദ്ധിപ്പിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ലതാനും. ഉള്ള ഭൂമിയിൽത്തന്നെ ശരിയായ വിളവു കിട്ടിയിരുന്നാൽ ഒരു പക്ഷെ ഇതുയും വിഷമം അനുഭവിക്കേണ്ടി വരികയില്ലായിരുന്നു. ഈ രണ്ടു താലൂക്കുകളിലും പ്രധാനമായ ആദായ മാർഗ്ഗം തെങ്ങുകൃഷിമാത്രമാണ്. അവിടെയുള്ള തെങ്ങുകൾക്കെല്ലാം രോഗം പിടിപെട്ടതുകൊണ്ടു അതിൽനിന്നും കിട്ടുന്ന ആദായവും വളരെ കുറവാണ്. ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അവർകൾ കൃഷി ഡയറക്ടറായിരുന്ന കാലത്തു് ഓച്ചിറ ഒരു കൃഷി

LIBRARY ARCHIVES Kerala Legislative Assembly